ചാലക്കുടി ഫയർസ്റ്റേഷന്റെ ആധുനികവൽക്കരണം

70 (1540) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി ഫയർസ്റ്റേഷന് ആധുനിക രീതിയിലുള്ള ഉപകരണങ്ങളും പുതിയ വണ്ടിയും നൽകുവാൻ നടപടി സ്വീകരിക്കുമോ ; എങ്കിൽ വിശദാംശം അറിയിക്കാമോ ;

(ബി) ചാലക്കുടി ഫയർസ്റ്റേഷന് പുതിയ കെട്ടിടം പണിയുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വരും വർഷങ്ങളിൽ കൂടുതൽ പുതിയ വാഹനങ്ങളും ആധുനിക ഉപകരണങ്ങളും വാങ്ങുന്നമുറയ്ക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ ചാലക്കുടി നിലയത്തിലേക്കും അനുവദിച്ചുനൽകുന്നതാണ്.

(ബി) ചാലക്കുടി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷനുവേണ്ടി കെട്ടിടം പണിയുന്നതിന് സ്ഥലം ലഭ്യമായിട്ടില്ല. സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കെട്ടിടം പണിയുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

പാനൂരിൽ ഫയർ & റെസ്ക്യൂസ്റ്റേഷൻ അനുവദിക്കുന്നതിന് നടപടി

71 (1541) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2006 മുതൽ ഇതുവരെ സംസ്ഥാനത്ത് പുതുതായി എത്ര ഫയർ & റെസ്ക്യൂ സ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട് ; അത് ഏതൊക്കെ ജില്ലകളിലാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) ജി. ഒ.(ആർടി.) നമ്പർ 1282/07/ഹോം തീയതി 11-5-2007 ഉത്തരവ് പ്രകാരം ഉള്ള മുൻഗണന ലിസ്റ്റിൽനിന്ന് ഏതൊക്കെ സ്ഥലങ്ങളിലുള്ള ഫയർ & റെസ്ക്യൂ സ്റ്റേഷനുകളാണ് അനുവദിച്ചതെന്നും പ്രസ്തുത ഉത്തരവിലെ മുൻഗണനാക്രമം എന്തെന്നും വെളിപ്പെടുത്തുമോ ;

(സി) കണ്ണൂർ ജില്ലയിൽ പാനൂരിൽ ഫയർ & റെസ്ക്യൂസ്റ്റേഷൻ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ;

(ഡി) നടപടി പൂർത്തിയാക്കി എപ്പോൾ ഫയർ & റെസ്ക്യൂസ്റ്റേഷൻ അനുവദിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 17 ഫയർ ആന്റ് റെസ്ക്യൂസ്റ്റേഷനുകൾ ആരംഭിച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly